


ക്രൈസ്തവ വിശ്വാസത്തിന്റെ മഹത്തായ പ്രഘോഷണമാണ് ഇന്നത്തെ സുവിശേഷത്തിന്റെ കാതൽ. ഉത്ഥാനരഹസ്യങ്ങൾ കണ്ടാൽ മാത്രം പോരാ അത് പ്രഘോഷിക്കാനുള്ളതാണ്. ഭാരതാപ്പസ്തോലനായ തോമാശ്ലീഹാ താൻ കണ്ടറിഞ്ഞ വിശ്വാസത്തിന്റെ ആഴമായ അനുഭവങ്ങൾ തേടുന്ന ദിനമാണിന്ന്. വിശ്വാസമെന്നത് സമ്പൂർണ്ണ സമർപ്പണത്തിന്റെ അടയാളമാണ്. എല്ലാവരും കൈവിട്ടാൽപോലും നഷ്ടപ്പെടാത്ത ഒരു വിശ്വാസമാണ് കർത്താവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്നത്.

കർത്താവായ യേശുവിൽ നിവൃത്തിയായത് ദൈവസ്നേഹത്തിന്റെ പരിപൂർണ്ണമായ വെളിപാടാണ്. ഈ സ്നേഹത്തോടുള്ള പ്രതിനന്ദിയാണ് വിശ്വാസം. വിശ്വാസം ഇന്ന് ഏറെ സ്വകാര്യവത്ക്കരിക്കപ്പെടുകയും കച്ചവടവത്ക്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ദൈവസ്നേഹം എന്നും നാം അനുഭവിച്ചറിയുകയും അത് പങ്ക് വെയ്ക്കുകയും ചെയ്യണം. ശ്ലീഹന്മാർ വഴി സഭ

യിൽ കൂദാശകളിലൂടെയും, തിരുവചനത്തിലൂടെയും ലഭിക്കുന്ന വലിയ ദാന മാണ് വിശ്വാസം. ഇതൊരു ബോധ്യമാണ്, ബന്ധമാണ്. നമുക്കായ് തന്നെ ത്തന്നെ അർപ്പിച്ചവനോടുള്ള ബന്ധം. ഈ ബന്ധത്തിന്റെ തീവ്രാനുഭവമാണ് രക്തസാക്ഷിത്വം വരിക്കാൻ ശ്ലീഹന്മാരെ പ്രേരിപ്പിച്ചത്.

ജീവിതത്തിൽ വിശ്വാസം പരീക്ഷിക്കപ്പെടുന്ന ഒരുപാട് സന്ദർഭങ്ങളും, പ്രതി സന്ധികളും, കടബാധ്യതകളും എല്ലാം ഉണ്ടാകുമ്പോൾ ഒരു ക്രൈസ്തവ നെന്ന നിലയിൽ തോമാശ്ലീഹായെപ്പോലെ ഇടറാതെ, പതറാതെ നമുക്കും പറ യാനാവണം എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന് . ദൈവം കൂടെ ഇല്ല എന്ന് തോന്നുന്ന ജീവിതാനുഭവങ്ങളുണ്ടാവുമ്പോൾ കാണാതെ വിശ്വസിക്കു ന്നവൻ ഭാഗ്യവാൻ എന്ന വചനത്തിന്റെ ഉൾപ്പൊരുൾ നമ്മുടെ ഹൃദയങ്ങ ളിലും ഇടം നേടട്ടെ.

തോമാശ്ലീഹായുടെ വിശ്വാസം ദൈവദാനമായിരുന്നു. വിശ്വാസമെന്നത് പ്ര ത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പാണ്. എന്റെ കർത്താവേ, എന്റെ ദൈവ മേ എന്ന തോമാശ്ലീഹായുടെ വിശ്വാസപ്രഘോഷണത്തിന്റെ മാറ്റൊലി നമ്മുടെ കർണ്ണപുടങ്ങളിൽ പതിയട്ടെ. കടൽത്തീരത്ത് പോകുമ്പോൾ അവിടെ കടലിലേക്ക് കുറച്ച് മാത്രം ഇറങ്ങുവാൻ ശ്രമിക്കുന്നവരുടെ പാദത്തിന്റെ അടി യിൽ നിന്നും ചില കള്ളത്തിരകൾ മണ്ണ് എടുത്തു കൊണ്ടുപോകുകയും അവർ അവിടെ വീഴുകയും ചെയ്യുന്ന ചില കൗതുക കാഴ്ചകൾ കാണാൻ കഴിയും. എന്നാൽ അവിടെ വീഴാതിരിക്കാൻ പെരുവിരൽ കുത്തിയായി രിക്കും ചിലർ നിൽക്കുക. ഇതാണ് വിശ്വാസത്തിന്റെ ഉറപ്പ്. നമ്മുടെ കാൽച്ചു വട്ടിൽ നിന്നും വിശ്വാസമാവുന്ന മണൽത്തിരകൾ ഒലിച്ചുപോകാതിരിക്കട്ടെ. അങ്ങനെ ഇടറാത്ത മനസ്സോടും പതറാത്ത ചിന്തകളോടും കൂടെ അടിയുറച്ച വിശ്വാസത്തിൽനിന്ന് തോമാശ്ലീഹായെപ്പോലെ നമുക്കും പ്രാർത്ഥിക്കാം. എന്റെ കർത്താവേ എന്റെ ദൈവമേ.

**********************************